"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ശ്രീ .ശ്രീജിത്ത് ബാബു, മുണ്ടയ്ക്കൽ, കൊല്ലം ഫയൽ ചെയ്ത WP( C) 14381/2021 ൻ മേലുള്ള 28.07.2021 തീയതിയിലെ വിധിന്യായം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.48/2022/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 10/01/2022

---

പരാമർശം:-

1. ശ്രീ .ശ്രീജിത്ത് ബാബുവിന്റെ 13.11.2020 തീയതിയിലെ നിവേദനം.
2. ശ്രീ .ശ്രീജിത്ത് ബാബു, മുണ്ടയ്ക്കൽ, കൊല്ലം ഫയൽ ചെയ്ത WP( C) 14381/2021 ൻ മേലുള്ള 28.07.2021 തീയതിയിലെ വിധിന്യായം
3. നഗരകാര്യ ഡയറക്ടറുടെ 03.01.2022 ലെ വി1-23623/2021-ാം നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ .ശ്രീജിത്ത് ബാബു, മുണ്ടയ്ക്കൽ, കൊല്ലം ഫയൽ ചെയ്ത WP( C) 14381/2021 ൻ മേലുള്ള 28.07.2021 തീയതിയിലെ വിധിന്യായത്തിൽ പരാതിക്കാരനായ ശ്രീ .ശ്രീജിത്ത് ബാബു സർക്കാരിൽ സമർപ്പിച്ചിട്ടുള്ള 13.11.2020 തീയതിയിലെ അപേക്ഷ ( Exhibit P2) രണ്ട് മാസത്തിനകം തീർപ്പാക്കുന്നതിനും . തീരുമാനം പരാതിക്കാരനെ അറിയിക്കുന്നതിനും സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു.

പരാമർശം (1) പ്രകാരമുള്ള ശ്രീ ശ്രീജിത്ത് ബാബുവിന്റെ Exhibit P2 നിവേദനത്തിൽ കൊല്ലം നഗരസഭയുടെ ഉടമസ്ഥതയിലുള്ള വസ്തു അനധികൃതമായി സ്വകാര്യ വ്യക്തിയ്ക്ക് വിലയാധാരം ചെയ്തു കൊടുക്കുന്നതിന് മേയർ സ്വന്തം അധികാരം ദുർവിനിയോഗം നടത്തി ഐകകണ്ഠേനയുള്ള കൗൺസിൽ തീരുമാനം അട്ടിമറിച്ച് നഗരസഭയ്ക്ക് നഷ്ടം വരുത്തിയും കൗൺസിൽ അറിയാതെ തീരുമാനം തിരുത്തിയും , മേയർ അന്യായ ലാഭമുണ്ടാക്കിയതായുള്ള അഴിമതി ആരോപണത്തെക്കുറിച്ച് അന്വേഷിക്കുന്നതിനായി മേയർ . നഗരസഭാ സെക്രട്ടറി, കൗൺസിൽ ക്ലാർക്ക് എന്നിവരെ എതിർകക്ഷികളാക്കിയും ശ്രീ .ശ്രീജിത്ത് ബാബു തിരുവനന്തപുരം വിജിലൻസ് കോടതിയിൽ പരാതി നൽകിയതിനെ ആയതിനാൽ രണ്ടും മൂന്നും എതിർകക്ഷികളായ മുൻ സെക്രട്ടറി ശ്രീ.കെ.ഹരികുമാർ, കൗൺസിൽ ക്ലാർക്ക് ശ്രീ.സജീവൻ എന്നിവരെ പ്രോസിക്യൂട്ട് ചെയ്യുന്നതിനായി നിയമാനുസൃത അനുമതി നൽകണമെന്നും അപേക്ഷിച്ചിരുന്നു.

ശ്രീ ശ്രീജിത്ത് ബാബുവിന്റെ നിവേദനത്തിൻ മേൽ പരാമർശം (3) പ്രകാരം നഗരകാര്യ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം കൗൺസിൽ തീരുമാനപ്രകാരം മിനിട്സ് തയ്യാറാക്കി ബഹു.മേയർക്ക് സമർപ്പിച്ചപ്പോൾ 39-ാം നമ്പർ അജണ്ടയിൽ 1209/19-20 -ാം നമ്പർ പ്രോജക്ട് ഡി.പി.സി അംഗീകാരം ലഭിച്ചിട്ടില്ലാത്തതിനാൽ ആയത് ഒഴിവാക്കി ഭേദഗതി വരുത്തി ബഹു.മേയർ

കരട് മിനിട്സ് അംഗീകരിച്ചിട്ടുള്ളതാണെന്ന് അറിയിച്ചിരിക്കുന്നു.

1995 ലെ കേരള മുനിസിപ്പാലിറ്റി (കൗൺസിൽ യോഗനടപടി ക്രമം) ചട്ടങ്ങൾ 14 ഉപചട്ടം 3 പ്രകാരം കൗൺസിൽ യോഗത്തിന്റെ മിനിട്സിന്റെ നക്കൽ സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് 24 മണിക്കൂറിനുള്ളിൽ അദ്ധ്യക്ഷന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതാണെന്നും ഉപചട്ടം 4 പ്രകാരം സെക്രട്ടറി തയ്യാറാക്കിയ യോഗത്തിന്റെ മിനിട്സ് അദ്ധ്യക്ഷന് ലഭിച്ച് 24 മണിക്കൂറിനുള്ളിൽ ആയത് യോഗതീരുമാനങ്ങൾക്ക് അനുസൃതമായോ തിരുത്തലുകളോടെയോ അല്ലാതെയോ അംഗീകരിച്ച് സെക്രട്ടറിക്ക് തിരിച്ച് അയയ്ക്കേണ്ടതാണെന്നും 1995 ലെ കേരള മുനിസിപ്പാലിറ്റി (കൗൺസിൽ യോഗനടപടി ക്രമം) ചട്ടങ്ങൾ 14 ഉപചട്ടം 3 പ്രകാരം കൗൺസിൽ യോഗത്തിന്റെ മിനിട്സിന്റെ നക്കൽ തയ്യാറാക്കി കൗൺസിൽ ക്ലാർക്കും സെക്രട്ടറിയും 39-ാം നമ്പർ അജണ്ടയിന്മേൽ യാതൊരുവിധ ഭേദഗതിയും വരുത്താതെയാണ് ബഹു.മേയർക്ക് സമർപ്പിച്ചിട്ടുള്ളതെന്നും ടി നമ്പർ അജണ്ടയിൽ 1209/19 -ാം നമ്പർ പ്രോജക്ടിന് ഡി.പി.സി അംഗീകാരം ലഭിക്കാത്തതിനാൽ ആയത് ഒഴിവാക്കിക്കൊണ്ട് ഭേദഗതി വരുത്തി ടി ചട്ടപ്രകാരമുള്ള അധികാരം ഉപയോഗിച്ചാണ് കരട് മിനിട്സിന് ബഹു. മേയർ അംഗീകാരം നൽകിയതെന്നും കൗൺസിൽ യോഗനടപടി ചട്ടപ്രകാരം മാത്രമാണ് ടി ഉദ്യോഗസ്ഥർ പ്രവർത്തിച്ചിട്ടുള്ളതെന്നും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

കൊല്ലം കോർപ്പറേഷൻ സെക്രട്ടറി ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം സെക്രട്ടറിതലത്തിൽ തിരുത്തൽ വരുത്തിയതായോ അഴിമതി നടത്തിയതായോ കാണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും ആയതിനാൽ അന്നത്തെ കോർപ്പറേഷൻ സെക്രട്ടറി ശ്രീ.കെ.ഹരികുമാർ, കൗൺസിൽ ക്ലാർക്ക് ശ്രീ.സജീവൻ എന്നിവരുടെ ഭാഗത്ത് വീഴ്ച ഉണ്ടായതായി പ്രഥമദൃഷ്ട്യാ ബോദ്ധ്യപ്പെട്ടിട്ടില്ലാത്തതാണെന്നും ടി സാഹചര്യത്തിൽ ശ്രീ.ശ്രീജിത്ത് ബാബു സമർപ്പിച്ചിട്ടുള്ള പരാതി പ്രകാരം പ്രോസിക്യൂഷൻ അനുമതി നൽകേണ്ട സാഹചര്യം നിലവിലില്ല എന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (3) ലെ നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൊല്ലം കോർപ്പറേഷൻ മുൻ സെക്രട്ടറി ശ്രീ.കെ.ഹരികുമാർ, കൗൺസിൽ ക്ലാർക്ക് ശ്രീ.സജീവൻ എന്നിവരെ പ്രോസിക്യൂട്ട് ചെയ്യുന്നതിനുള്ള ശ്രീ.ശ്രീജിത്ത് ബാബുവിന്റെ 13.11.2020 ലെ നിവേദനത്തിലെ(Exhibit P2) ആവശ്യം നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇപ്രകാരം WP( C) 14381/2021 ൻ മേലുള്ള ബഹു. ഹൈക്കോടതിയുടെ 28.07.2021 തീയതിയിലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

പകർപ്പ്

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ,(എ&ഇ/ആഡിറ്റ്),തിരുവനന്തപുരം.
ശ്രീ. ശ്രീജിത്ത് ബാബു, സന്ധ്യ നിവാസ്,മുണ്ടക്കൽ ഈസ്റ്റ്, കൊല്ലം-691 001
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ